**ഭരണ ഭാഷ- മാതൃഭാഷ**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
**dtekerala@gmail.com**
**04712561307**

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ തസ്തികയിലെ ശ്രീ.ഫസിലുൽ റഹ്മാൻ എ-ക്ക് സ്ഥലമാറ്റ നിയമനം – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ജീവനക്കാര്യം (സി) വിഭാഗം
നം.**DTETVM/447/2026-EC1 (EC)** തിരുവനന്തപുരം, തീയതി **30-07-2026**

---

വായന:- **1.** **05.08.2021** ലെ സ.ഉ (സാധാ) നം. **1009/2021**/ഉ.വി.വ
**2.** **27.07.2026-** ലെ സ.ഉ (സാധാ) നം. **921/2026/HEDN**
**3.** **13.04.2026, 10.07.2026** എന്നീ തീയതികളിലെ ഈ കാര്യാലയത്തിൽ നിന്നുള്ള ഇതേ നമ്പർ കത്തുകൾ
**4.** ശ്രീ.ഫസിലുൽ റഹ്മാൻ എ-യുടെ **18.12.2025, 10.03.2026, 12.03.2026** എന്നീ തീയതിയിലെ അപേക്ഷകൾ

<u>ഉത്തരവ്</u>

കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ സൂചന (1) സർക്കാർ ഉത്തരവ് പ്രകാരം വകുപ്പ് മേധാവി തസ്തിക തരംതാഴ്ത്തി സൃഷ്ടിച്ച ലക്ചറർ തസ്തികയിൽ നിയമനം ലഭിച്ച ശ്രീ.ഫസിലുൽ റഹ്മാൻ എ-ക്ക് തൻറെ മാതാപിതാക്കളുടെ ആരോഗ്യസ്ഥിതിയും കുടുംബസാഹചര്യവും പരിഗണിച്ച് തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് സൂചന (4) പ്രകാരം ടിയാൻ അപേക്ഷകൾ സമർപ്പിച്ചിരുന്നതും,തുടർന്ന് ഈ കാര്യാലയത്തിൽ നിന്നുള്ള സൂചന (3) പ്രകാരമുള്ള ശുപാർശകളുടെ അടിസ്ഥാനത്തിൽ ടിയാൻറെ അപേക്ഷ ഒരു പ്രത്യേക കേസായി പരിഗണിച്ച് കൊണ്ട് നിലവിൽ ഒഴിവുള്ള ആറ്റിങ്ങൽ സർക്കാർ പോളിടെക്നിക്ക് കോളേജിലെ ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് വിഭാഗം വകുപ്പ് മേധാവി തസ്തിക താൽക്കാലികമായി ലക്ചറർ തസ്തികയായി തരംതാഴ്ത്തിയും,ടിയാൻ നിലവിൽ തുടരുന്ന കണ്ണൂർ സർക്കാർ പോളിടെക്നിക്ക് കോളേജിലെ പ്രസ്തുത തസ്തികയിൽ നിന്നും ആറ്റിങ്ങൽ സർക്കാർ പോളിടെക്നിക്ക് കോളേജിലേക്ക് സ്ഥലംമാറ്റിയും സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാകുന്നു.

ടി വകുപ്പ് മേധാവി തസ്തിക താൽക്കാലികമായി ലക്ചറർ തസ്തികയായി തരംതാഴ്ത്തിയ ഒഴിവിൽ ആണ് ശ്രീ ഫസിലുൽറഹ്മാന് സ്ഥലംമാറ്റ നിയമനം അനുവദിച്ചിട്ടുള്ളത്. ടി തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്ക് വകുപ്പ് മേധാവി തസ്തികയിലേയ്ക്ക് നിയമനം നടക്കുന്ന മുറയ്ക്ക് മാത്രമേ ഇവരുടെ നിയമനം ക്രമവൽക്കരിക്കുന്നതിനും മറ്റ് സ്ഥാപനങ്ങളിലേയ്ക്ക് സ്ഥലം മാറ്റം നിയമനം നൽകുന്നതിനും കഴിയുകയുള്ളൂ.മേൽ സാഹചര്യത്താൽ താഴെ പറയുന്ന ജീവനക്കാരനെ ടിയാളിൻറെ പേരിനു നേർക്ക് സൂചിപ്പിച്ചിട്ടുള്ള സ്ഥാപനത്തിലേക്ക്

സ്ഥലം മാറ്റി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | ഉദ്യോഗസ്ഥൻറെ പേര്, നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥലം മാറ്റം നൽകുവാൻ ഉദ്ദേശിക്കുന്ന സ്ഥാപനം |
|---|---|---|
| 1. | ശ്രീ.ഫസിലുൽ റഹ്മാൻ.എ (PEN 992191) സർക്കാർ പോളിടെക്നിക്ക് കോളേജ്, കണ്ണൂർ | സർക്കാർ പോളിടെക്നിക് കോളേജ്, ആറ്റിങ്ങൽ |

ബന്ധപ്പെട്ട സ്ഥാപന മേധാവി ടി ജീവനക്കാരനെ ഉടൻ വിടുതൽ ചെയ്യേണ്ടതും വിടുതൽ/ചേരും കാലം യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

Digitally signed by
ANI ABRAHAM
Date: 30-07-2026
14:38:31

**ANI ABRAHAM**
**SENIOR JOINT DIRECTOR (PS)**

സ്വീകർത്താവ്

1. ബന്ധപ്പെട്ട ജീവനക്കാർ /സ്ഥാപന മേധാവികൾ (സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൻറെ ഔദ്യോഗിക വെബ് സൈറ്റ് മുഖാന്തിരം)
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി